**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3383** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം, കുറ്റിപ്പുറം, എടയൂർ, പൊന്മള എന്നി പഞ്ചായത്തുകളിൽ ആണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | മണ്ഡലത്തിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിലെ എത്ര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേര കൃഷിയും അനുബന്ധ വ്യവസായങ്ങളും വളരെ നല്ല രീതിയിൽ നടക്കുന്ന വളാഞ്ചേരി നഗരസഭ, കോട്ടക്കൽ നഗരസഭ, മാറാക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വളാഞ്ചേരി നഗരസഭ, കോട്ടക്കൽ നഗരസഭ, മാറാക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് ലഭ്യമായ നിവേദനം കൃഷി ഡയറക്ടറേറ്റിൽ പരിശോധിച്ച് വരുന്നു. 2014-15 വർഷം മുതൽ കേരഗ്രാമം നടപ്പിലാക്കാത്തതും 100 ഹെ വീതം തെങ്ങുകൃഷിയുള്ള 100 പഞ്ചായത്തുകളെ 2022-23 കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ. നം. | പഞ്ചായത്തിന്റെ പേര് | കർഷകരുടെ എണ്ണം | ലഭ്യമാക്കിയ ആനുകൂല്യങ്ങൾ |
|---|---|---|---|
| 1 | ഇരിമ്പിളിയം | 1348 | തടം തുറക്കൽ, ജൈവ വള സബ്സിഡി, തെങ്ങു വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കൽ, പമ്പ്സെറ്റിനു ധനസഹായം, തെങ്ങു കയറ്റ യന്ത്രം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, മൈക്രോ ഇറിഗേഷൻ |
| 2 | കുറ്റിപ്പുറം | 1333 | തടം തുറക്കൽ, ജൈവ വള സബ്സിഡി, പമ്പ്സെറ്റിനു ധനസഹായം, തെങ്ങു കയറ്റ യന്ത്രം, പുതയിടൽ |
| 3 | എടയൂർ | 1276 | തടം തുറക്കൽ, ജൈവ വള സബ്സിഡി, പമ്പ്സെറ്റിനു ധനസഹായം, തെങ്ങു കയറ്റ യന്ത്രം, പുതയിടൽ, ഇടവിള കൃഷിക്ക് അനുകൂല്യം, തൊണ്ട് അട്ടുക്കൽ, രാസവളം, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, കീടരോഗനിയന്ത്രണം, കേരസൊസൈറ്റിക്കു ഷ്രെഡർ, പവർ ടില്ലർ |
| 4 | പൊന്മള | 990 | തടം തുറക്കൽ, ജൈവ വള സബ്സിഡി, തെങ്ങു വെട്ടി മാറ്റി പുതിയ തൈ നടൽ, പുതയിടൽ |